# പത്രക്കുറിപ്പ്

റബ്ബർ ഉൽപാദന പ്രോത്സാഹന പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ സബ്സിഡിയ്ക്കായി VAT രജിസ്ട്രേഷൻ പ്രകാരമുള്ള പർച്ചേസ് ബില്ലുകൾ സമർപ്പിക്കാനാണ് നിഷ്കർഷിച്ചിരുന്നത്. എന്നാൽ സംസ്ഥാനത്ത് 01-07-2017 മുതൽ GST സമ്പ്രദായം നടപ്പിലാക്കിയതോടെ VAT സമ്പ്രദായം ഇല്ലാതായിട്ടുണ്ട്. ആയതിനാലാണ് 01-07-2017 മുതൽ വിൽക്കപ്പെടുന്ന റബ്ബറിന്റെ GST പ്രകാരമുള്ള പർച്ചേസ് ബില്ലുകൾ സമർപ്പിക്കണമെന്ന നിർദ്ദേശം 16/09/2017 ലെ പരിപത്രം നം.70/2017/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. GST രജിസ്ട്രേഷൻ നിർബന്ധമായിട്ടുള്ള റബ്ബർ ബോർഡ് അംഗീകൃത ഡീലർമാരിൽ നിന്നും ലഭിക്കുന്ന പർച്ചേസ് ബില്ലുകൾക്ക് മാത്രമേ പ്രസ്തുത പരിപത്രത്തിലെ നിർദ്ദേശങ്ങൾ ബാധകമായിരിക്കുകയുള്ളൂ. റബ്ബർ ബോർഡ് അംഗീകൃതവും നിയമപ്രകാരം GST രജിസ്ട്രേഷൻ നിർബന്ധമല്ലാത്തവരുമായ ഡീലർമാർ നൽകുന്ന പർച്ചേസ് ബില്ലുകളും സബ്സിഡിയ്ക്കായി പരിഗണിയ്ക്കുന്നതാണ്.